

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പൂതക്കുളം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: .കെ എസ് എ കെ എൽഎം. പി-5/2202/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 07/12/2024
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂതക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: .കെ എസ് എ കെ എൽഎം. പി-5/2202/24 തീയ്യതി: 07/12/2024

കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-12-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ജി സജികുമാർ	ഡെപ്യൂട്ടി ഡയറക്ടർ	22-11-2024	03-12-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
22-11-2024	03-12-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു റ്റി, ഓഡിറ്റ് ഓഫീസർ
ശ്രീ ചന്ദ്രപ്രകാശ് സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജൂഡിറ്റ് വർഗീസ് എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. അമ്മിണിയമ്മ	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ.രാജേഷ് കുമാർ	സെക്രട്ടറി	01-04-2023	20-02-2024
ശ്രീമതി.വിജോയ് മാത്യു	സെക്രട്ടറി-ഇൻ-ചാർജ്ജ്	21-02-2024	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ.അനൂപ്	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി	01-04-2023	31-03-2024
ഡോ.ഷിമ്മി എസ് രാജ്	മെഡിക്കൽ ഓഫീസർ,ആയുർവേദം	01-04-2023	31-03-2024
ഡോ.നാസിയ.എ	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2023	31-03-2024
ശ്രീ.ബികാസ്.ജി.എസ്	അസിസ്റ്റന്റ് എഞ്ചിനീയർ)	01-04-2023	31-03-2024
ശ്രീമതി.സാലുമോൾ.എസ്.എസ്	വെറ്റിനറി സർജൻ	01-04-2023	31-03-2024
ശ്രീമതി.ആശ	ഐ.സി.ഡി.എസ്. സുപ്പർവൈസർ	01-04-2023	31-03-2024
ശ്രീമതി.തൻസിഷെരീഫ്	കൃഷി ഓഫീസർ	01-04-2023	14-03-2024
ശ്രീ.ശ്രീനാഥ്.ആർ	കൃഷി ഓഫീസർ	15-03-2024	31-03-2024
ശ്രീമതി.സന്ധ്യ.ആർ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ശ്രീ .മനുമോഹൻ.എം.ജി	അക്രെഡിറ്റഡ് എഞ്ചിനീയർ , എം.ജി.എൻ.ആർ.ജി.എസ്	01-04-2023	31-03-2024
ശ്രീമതി.മഞ്ജുഷ കെ.സി	വി ഇ ഒ	01-04-2023	18-09-2023
ശ്രീ.ഷാജി	വി.ഇ.ഒ (ചാർജ്)	19-09-2023	19-09-2023
ശ്രീ.അരുൺ കുമാർ.എസ്	വി ഇ ഒ	20-09-2023	31-03-2024
ശ്രീമതി.ദീപ്തി.ജി	വി ഇ ഒ	01-04-2023	03-06-2023
ശ്രീമതി.മഞ്ജുഷ കെ.സി	വി ഇ ഒ	04-06-2023	30-07-2023
ശ്രീ.ഷാജി	വി ഇ ഒ	31-07-2023	31-03-2024
ശ്രീമതി.ജിഷ	ഹെഡ്മിസ്ട്രസ്	01-04-2023	31-03-2024
ശ്രീമതി വിജോയ് മാത്യു	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല.	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.	1-1-2
4	ഡെപ്പോസിറ്റ് വിവരങ്ങൾ ബി 18 ലോൺസ് അഡ്വാൻസസ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.	1-1-3
5	വസ്തു നികുതി ഡിമാന്റ് കളക്ഷൻ തുകകളുടെ ബുക്ക് അഡ്ജസ്റ്റ്മെന്റ്.	1-1-4
6	ബജറ്റ്	1-2
7	സാമ്പത്തിക വിശകലനം (റസീപ്റ്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)	1-3
8	ഗ്രാന്റ് വിനിയോഗം	1-4
9	പദ്ധതി അവലോകനം	1-5
10	തൊഴിലുറപ്പ് പദ്ധതി	1-6
11	ക്ഷേമ പദ്ധതികൾ	1-7
12	ക്യാഷ് വെരിഫിക്കേഷൻ	1-8
13	ആഭ്യന്തര നിയന്ത്രണം	1-9
14	മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം	1-10
15	കെട്ടിട നികുതി ഈടാക്കിയതിൽ കുറവ്	1-11
16	മരുന്നുകൾ ലഭ്യമായില്ല	1-12
17	കന്നുകുട്ടി പരിപാലനം- ഗുണഭോക്താക്കൾ ക്ഷീരസംഘങ്ങളിൽ നിന്നും ആനുകൂല്യം കൈപ്പറ്റുന്നില്ല	1-13
18	വാഹന പരിപാലനം - ലോഗ് ബുക്ക് കൃത്യമായി പരിപാലിക്കുന്നില്ല.	1-14
19	ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിനിക്ക് ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ നിരക്കിൽ സ്കോളർഷിപ്പ് നൽകി	1-15
20	പാലിയേറ്റീവ് കെയർ ദീർഘകാല രോഗങ്ങളും – മരുന്നുകളും പാലിയേറ്റീവ് ഉപകരണങ്ങളും ലഭ്യമാകാൻ ശേഷിക്കുന്നു.	1-16
21	എസ്.സി.പി ഭവന നിർമ്മാണ പ്രോജക്ടുകൾ - ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നു.	1-17
22	കലയ്ക്കോട് യു.പി.എസിന് ഫർണിച്ചർ വാങ്ങൽ-സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല	1-18
23	വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു	1-19
24	പാലിന് സബ്സിഡി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല - 11585/-രൂപ അധികം നൽകി. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക തിരികെ ഒടുക്കു വരുത്തി.	1-20
25	സമഗ്ര നെൽകൃഷി വികസനം സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല.	1-21
26	ആശ്രയ പദ്ധതി വിഹിതം നൽകൽ - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.	1-22
27	രോഗികൾക്ക് സൗജന്യ ആംബുലൻസ് സംവിധാനം -സർവീസ് ചാർജ്ജ് രണ്ട് വ്യത്യസ്ത നിരക്കിൽ അനുവദിക്കുന്നു.	1-23
28	ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് ഗ്രാമ പഞ്ചായത്തിലേയ്ക്ക് ഒടുക്കുവാൻ ശേഷിക്കുന്നു	1-24
29	ഹരിതകർമ്മസേന അവലോകനം	1-25
	ഭാഗം 2	

--- No Records Found ---		
ഭാഗം 3		
1	കലയ്ക്കോട് യു.പി.എസിന് ഫർണിച്ചർ വാങ്ങൽ-സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല	3-1
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/വായ്പതിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധപത്രികകൾ	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 31.05.2024 ലെ 1(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 31.05.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും, ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെകേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും, സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും, 31.03.2024 ലെ സാമ്പത്തിക നിലയുടെയും, സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കൊല്ലം
തീയതി : 07-12-2024

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

1-1-1 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും, പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.
ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = 1,15,41,386/-രൂപ
മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40 B – 40 A) =54,140 /-രൂപ
വ്യത്യാസം = 1,15,95,526/-രൂപ

1-1-3 ഡെപ്പോസിറ്റ് വിവരങ്ങൾ ബി 18 ലോൺസ് അഡ്വാൻസസ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിശദാംശങ്ങൾ ബി 18 ലോൺസ് അഡ്വാൻസസ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക (രൂപ)
ചെറുകിട ജലസേചന വകുപ്പ്	ഇടയാടി റ്റി റ്റി ഐ തോട് നവീകരണം(നം. 113/24)	15,00,000/-
ചെറുകിട ജലസേചന വകുപ്പ്	വടക്കേ ഏലാമഠത്തിൽ കുളത്തിന്റെ അനുബന്ധ തോടുകളുടെ നവീകരണം(നം. 119/24)	7,23,000/-
ചെറുകിട ജലസേചന വകുപ്പ്	വിവിധ വാർഡുകളിൽ തോടുകളുടേയും കുളങ്ങളുടേയും നവീകരണം (നം. 120/24)	15,00,000/-
ചെറുകിട ജലസേചന വകുപ്പ്	ഞാറോഡ് ഏലാതോട് നവീകരണം(നം. 185/24)	12,00,000/-
കേരള വാട്ടർ അതോറിറ്റി	പൊതു ടാപ്പ് ഒഴിവാക്കൽ -തുക നൽകൽ(നം. 164/24)	6,30,000/-

1-1-4 വസ്തു നികുതി ഡിമാന്റ് കളക്ഷൻ തുകകളുടെ ബുക്ക് അഡ്ജസ്റ്റ്മെന്റ്.

വാർഷിക ധനകാര്യ പത്രികയിലെ വസ്തു നികുതി ഡിമാന്റ് കളക്ഷൻ തുകകളുടെ കൃത്യത സഞ്ചയ സോഫ്റ്റ്വെയറിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിലും പ്രയർ പീരീഡിൽ ഉൾപ്പെടുത്തിയിട്ടുള്ള ബുക്ക് അഡ്ജസ്റ്റ്മെന്റിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

1-2 ബജറ്റ്

2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 23.03.2023 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 07.02.2024 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

ഇനം	തുക (രൂപ)
മുന്നിരിപ്പ്	2,45,20,910.00/-
വരവ്	6,29,82,667.00/-
ആകെ	8,75,03,577.00/-
ചെലവ്	6,30,36,807.00/-
നീക്കിയിരിപ്പ്	2,44,66,770.00/-

വരവിനങ്ങളിലുള്ള നഷ്ടം	---
ചെലവിനങ്ങളിലുള്ള നഷ്ടം/നിരാകരിച്ച തുക	17,656/-
തടസ്സപ്പെടുത്തിയ തുക	67,85,644/-

**വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്₹	വരവ്₹	ആകെ₹	ചെലവ്₹	നീക്കിയിരിപ്പ്₹
വികസന ഫണ്ട് (ജനറൽ)	0	19025000/-	19025000/-	16996265/-	2028735/-
വികസന ഫണ്ട് (ടി.എസ്.പി)	0	11666000/-	11666000/-	8436912/-	3229088/-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	2355963/-	2363000+ 1700000*	6418963/-	2730976/-	3687987/-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്)	1689522/-	3227288/-	4916810/-	2794808/-	*2122002/-
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	0	9172650/-	9172650/-	4113413/-	5059237/-
മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)	0	3092000/-	3092000/-	2659923/-	432077/-
എം.ജി.എൻ.ആർ.ഇ.ജി.എസ്.(ഭരണ ചെലവുകൾ)	467/-	1176310/-	1176777/-	1176487/-	290/-
എം.ജി.എൻ.ആർ.ഇ.ജി.എസ്. (തൊഴിലാളികളുടെ കൂലി)	0	32165622/-	32165622/-	32165622/-	0
ശുചിത്വ മിഷൻ	901442/-	35600/-	937042/-	583800/-	353242/-
ടോട്ടൽ സാനിട്ടേഷൻ	332404/-	13296/-	345700/-	0	345700/-
ഫണ്ട് ഫോർ ട്രാൻസ്ഫേഡ് ഇൻസ്റ്റിറ്റ്യൂഷൻ (ഹോമിയോ ആശുപത്രി)	0	500000/-	500000/-	0	500000/-
ഗ്രാന്റ് ഫോർ ഡ്രിംഗിങ്ങ് വാട്ടർ സ്കീം	1500000/-	1500000/-	3000000/-	3000000/-	0
ഗ്രാന്റ് ഫ്രം അദർ ഗവൺമെന്റ് ഏജൻസീസ്	194639/-	5620/-	200259/-	0	200259/-
അഗ്ലോമറേഷൻ ഫണ്ട്	0	1200000/-	1200000/-	1200000/-	0
ഹെൽത്ത് ഗ്രാന്റ് (സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ക്ട്രക്ച്ചർ റ്റു ദ പ്രൈമറി ഹെൽത്ത് കെയർ ഫസിലിറ്റീസ്)	321645/-	1005885/-	1327530/-	990535/-	336995/-
ഹെൽത്ത് ഗ്രാന്റ് (കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സീസ് & സബ് സെന്റേഴ്സ് ഇൻറ്റു ഹെൽത്ത് കെയർ ഫെസിലിറ്റീസ്	177881/-	418366/-	596247/-	443051/-	153196/-
ഹെൽത്ത് അവാർഡ്	500000/-	0	500000/-	500000/-	0
ഐ.സി.ഡി.എസ്	1027902/-	1930819/-	2958721/-	1217093/-	1741628/-
റൂറൽ ഹൌസിംഗ് ഫോർ ആൾ	1714983/-	6691049/-	8406032/-	5850000/-	2556032/-

* സി.എഫ്.സി ഫണ്ട് 2022-23 വർഷത്തെ ജലജീവൻ മിഷൻ പ്രവർത്തനങ്ങൾക്കായി ഡെപ്പോസിറ്റ് ചെയ്തിരുന്ന തുക തിരികെ വന്ന തുക അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്തത് 2024-25 വർഷം പി.എഫ്.എം.എസ് അംഗീകാരത്തോട് കൂടി സി.എഫ്.സി ഫണ്ടിലേക്ക് ക്രഡിറ്റായി.

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (രൂപ)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (രൂപ)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
183	16,45,62,568.00/-	100	7,58,40,873.00/-	15	68	54.6 %

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്₹	വരവ്₹	ആകെ₹	ചെലവ്₹	നീക്കിയിരിപ്പ്₹

എം.ജി.എൻ.ആർ.ഇ.ജി.എസ്. ഭരണ ചെലവുകൾ	467/-	11,76,310/-	11,76,777/-	11,76,487/-	290/-
എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലാളികളുടെ കൂലി	0	3,21,65,622/-	3,21,65,622/-	3,21,65,622/-	0

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (രൂപ)
തൊഴിൽ രഹിത വേതനം	960/-
കർഷകതൊഴിലാളി പെൻഷൻ	19,41,200/-
വാർദ്ധക്യകാലപെൻഷൻ	2,59,75,900/-
വികലാംഗ പെൻഷൻ	50,69,900/-
50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ	3,08,800/-
വിധവാപെൻഷൻ	1,90,76,000/-
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	2,40,000/-

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.11.2024 ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 25,383/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

. ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്.
. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്.
. ഗ്രാമ പഞ്ചായത്തിന്റെ വാഹനത്തിന്റെ ലോഗ് ബുക്ക് ക്രമപ്രകാരം പരിപാലിക്കുന്നില്ല.
. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യുർമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നുണ്ട്.
. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.
. ബഡ്സ് സ്കൂളിന്റെ പരിപാലനത്തിലും വൌച്ചറുകൾ പരിപാലിക്കുന്നതിലും ശ്രദ്ധിക്കേണ്ടതാണ്.
. പാലിയേറ്റീവ് പ്രവർത്തനങ്ങൾ 20 ദിവസം ഭവന സന്ദർശനത്തിന് ലഭ്യമാകുന്നതിലേക്കും ഉപകരണങ്ങൾ/മരുന്നു വാങ്ങൽ പ്രോജക്ടുകളിൽ ഉപകരണങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന്റെ മോണിറ്ററിംഗ് അനിവാര്യമാണ്.
. അഗതി ആശ്രയ പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
. ടൂറിസം വികസനത്തിന്റെ സാധ്യത ഏറെയുള്ള ഗ്രാമപഞ്ചായത്തിൽ ശരിയായ ആസൂത്രണത്തോടെ ഈ മേഖലയിലെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.
. ദേശീയതൊഴിലുറപ്പ് പദ്ധതിനിർവഹണവുമായി ബന്ധപ്പെട്ട് വിജിലൻസ് & മോണിറ്ററിംഗ് സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ട്.
. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്ക്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളും മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും (മരാമത്ത് ഒഴികെ) വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിച്ചിട്ടില്ല. പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിനും, പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനും മോണിറ്ററിംഗ് അനിവാര്യമാണ്.

. വാങ്ങൽ നടപടികളിൽ പ്രോക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.
. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ നിർവ്വഹിക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	15/01/2023	10/2022 – 12/2022	13/02/23
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	05/04/2017 – 18/04/2017	2012-13 –2016-17	31/05/2017

1-11 കെട്ടിട നികുതി ഈടാക്കിയതിൽ കുറവ്

2023-24 വർഷം കെട്ടിട നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ താഴെപ്പറയുന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ള നികുതി ഫോം-6 പ്രകാരം ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു

വ്യക്തിയുടെ പേര്/വാർഡ് നം	ഫോം-6 പ്രകാരം നികുതി ഈടാക്കിയ തറ വിസ്തീർണം	Completion Plan/ A.Eയുടെ റിപ്പോർട്ട് പ്രകാരം ആകെ തറവിസ്തീർണം	നികുതി ഈടാക്കിയ തറവിസ്തീർണം	നികുതി ഈടാക്കാനുള്ള തറവിസ്തീർണം
ദേവികാരാജ് ബി.ആർ.ഭവൻ, പൂതക്കുളം	73.78 ച.സെ.മീ	77.48 ച.സെ.മീ	73.78 ച.സെ.മീ	3.7 ച.സെ.മീ

നികുതി ഈടാക്കിയതിൽ കുറവ് സംഭവിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ എൻകുയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 2024-25 വർഷം മുതൽ കുറവ് വന്ന തറവിസ്തീർണത്തിന്റെ നികുതി ഈടാക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. നികുതി നിർണയം നടത്തിയത് 2023-24 വർഷം ആയതിനാൽ പ്രസ്തുത വർഷം മുതലുള്ള നികുതി നിർണ്ണയം പരിഷ്കരിച്ച് കുടിശ്ശിക സഹിതം തുക ഈടാക്കേണ്ടതാണ്.
എൻകുയറി നം-13/30/11/24

1-12 മരുന്നുകൾ ലഭ്യമായില്ല

പ്രോജക്ട് നം.	എസ്. 061
പ്രോജക്ടിന്റെ പേര്	പാലിയേറ്റീവ് കെയർ
ഫണ്ട്	റോഡിതരം
അടങ്കൽ	350000/-രൂപ
ചെലവ്	350000/-രൂപ

2023-24 വർഷം മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണം നടത്തിയ പദ്ധതിയാണ് മരുന്നു വാങ്ങൽ. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഹോംകോയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനായി 350000/-രൂപ മുൻകൂറായി നൽകിയെങ്കിലും 99512/-രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രൊഫോർമ ഇൻവോയ്സ് നം /നൽകിയ തുക	ലഭ്യമായ മരുന്നുകളുടെ വില	ലഭിക്കാനുള്ള മരുന്നുകളുടെ വില
1	Prf Invoice No-O2d34dtd 16-12-23/ 350000/-രൂപ, ബിൽ നം-1 Dtd 22-10-24	250488/-രൂപ	99512/-രൂപ

മുകളിൽ പരാമർശിച്ച മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ലഭ്യമാക്കേണ്ടതാണന്ന് ആവശ്യപ്പെട്ട് നല്കിയ എൻകുയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം

ലഭ്യമാക്കുന്നതുവരെ ലഭിക്കുവാനുള്ള മരുന്നുകളുടെ ചെലവ് തുകയായ 99,512/-രൂപ തടസ്സപ്പെടുത്തുന്നു.

എൻകൗയറി നം-9/29/11/24

തടസ്സപ്പെടുത്തിയ തുക-99,512/-രൂപ

1-13 കന്നുകുട്ടി പരിപാലനം- ഗുണഭോക്താക്കൾ ക്ഷീരസംഘങ്ങളിൽ നിന്നും ആനുകൂല്യം കൈപ്പറ്റുന്നില്ല

പ്രോജക്ട്	കന്നുകുട്ടി പരിപാലനം	
ഫണ്ട്	അടങ്കൽ(രൂപ)	ചെലവ്(രൂപ)
വികസനഫണ്ട്	6,25,000/-	6,25,000/-
മറ്റുളളവ	6,25,000/-	0/
ആകെ	12,50,000/-	6,25,000/-
ബിൽനം	3/29-07-23	6,25,000/-

2023-24 വർഷം വെറ്റിനറി സർജൻ നിർവഹണം നടത്തിയ പദ്ധതിയാണ് കന്നുകുട്ടി പരിപാലനം-ഒരു കന്നുകുട്ടിക്ക് 12500/-രൂപ (6250/-രൂപ തദ്ദേശഭരണസ്ഥാപന വിഹിതം, 6250/-രൂപ സംസ്ഥാനവിഹിതം) വീതം 50 ഗുണഭോക്താക്കൾക്ക് 6,25,000/-രൂപ അസി.ഡയറക്ടർ കാഫ് ഫീഡ് സബ്സിഡിക്ക് കൈമാറിയിട്ടുണ്ട്. പഞ്ചായത്തിന്റെ പരിധിയിലുള്ള പുത്തൻകുളം സംഘത്തിന്റെ രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ 2023-24 വർഷം ആനുകൂല്യം കൈപ്പറ്റിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

1. നസീമ, അൻസാരി മൻസിൽ -7/24 ൽ ആനുകൂല്യം കൈപ്പറ്റുന്നത് നിർത്തി. (12500/-രൂപ സബ്സിഡിയിൽ 9933/-രൂപ കൈപ്പറ്റി)
2. നിർമ്മല, ശരണ്യാലയം -ആനുകൂല്യം കൈപ്പറ്റിയില്ല.
3. ഉഷ, ജിജി നിവാസ്-ആനുകൂല്യം കൈപ്പറ്റിയില്ല.
4. ശ്രീദേവി, അമ്പലത്തും വീട്-30-10-23ൽ 900/-രൂപ കൈപ്പറ്റി.
5. സവിത, പ്ലാൻ കാലാവീട് -ആനുകൂല്യം കൈപ്പറ്റിയില്ല.
6. കവിത, തൊടിയിൽ കൈതവിലാസം-3/10/23ൽ 903/-രൂപ കൈപ്പറ്റി, പിന്നീട് ആനുകൂല്യം കൈപ്പറ്റിയില്ല.

മുകളിൽ പരാമർശിച്ച ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റാഞ്ഞതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻകൗയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കാലിത്തീറ്റ വാങ്ങാതിരുന്ന ഗുണഭോക്താക്കളെ പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും ഗുണഭോക്താക്കൾക്ക് ചെലവഴിച്ച തുക തിരിച്ച് സർക്കാരിലേക്ക് അടവാക്കുന്നതാണെന്നും അറിയിച്ചു. 2023-24 വർഷം അസി.ഡയറക്ടർ കാഫ് ഫീഡ് സബ്സിഡിക്ക് 625000/-രൂപ കൈമാറിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 6,25,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും, ചെലവഴിക്കാത്ത അവശേഷിക്കുന്ന തുക സർക്കാരിലേക്ക് ഒടുക്കുവരുത്തേണ്ടതുമാണ്.

എൻകൗയറി നം-12/29.11.202

തടസ്സപ്പെടുത്തിയ തുക-6,25,000/-രൂപ

1-14 വാഹന പരിപാലനം - ലോഗ് ബുക്ക് കൃത്യമായി പരിപാലിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കെ.എൽ.02 ബി.ഇ 1289 നമ്പർ മഹീന്ദ്ര സൈലോ വാഹനത്തിന്റെ ലോഗ് ബുക്ക് പരിപാലനത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങൾ സർക്കാർ ഉത്തരവ്(പി)നമ്പർ 803/70 തീയതി 13.11.1970 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാഹനത്തിന്റെ ഉപയോഗം രേഖപ്പെടുത്തുന്നതിന് നിശ്ചിത മാതൃകയിലുള്ള നമ്പർ രേഖപ്പെടുത്തിയ ലോഗ് ബുക്കുകൾ സൂക്ഷിക്കേണ്ടതാണ്. ഓരോ ദിവസം അവസാനിക്കുമ്പോഴേക്കും തൊട്ടടുത്ത ദിവസം രാവിലെയോ ലോഗ് ബുക്ക് നിയന്ത്രണാധികാരികൾക്ക് ഡ്രൈവർ നൽകേണ്ടതും ആവശ്യമുള്ള സാക്ഷ്യപ്പെടുത്തലുകൾ വാങ്ങി തിരികെ വാഹനത്തിൽ സൂക്ഷിക്കേണ്ടതുമാണ്. ലോഗ് ബുക്കിൽ

രേഖപ്പെടുത്തലുകൾ നടത്തുമ്പോൾ ഓരോ ട്രിപ്പിനും പ്രത്യേകം എൻട്രി നടത്തേണ്ടതും ഓരോ ട്രിപ്പ് കഴിയുമ്പോഴും 9 മുതൽ 13 വരെയുള്ള കോളങ്ങൾ പൂരിപ്പിക്കേണ്ടതുമാണ്. എന്നാൽ ഈ ലോഗ് ബുക്കിന്റെ കോളം നമ്പർ 7 യാത്ര പുറപ്പെടുന്ന സമയം, കോളം നമ്പർ 9 എത്തിച്ചേർന്ന തീയതി-സമയം, കോളം നമ്പർ 12 പീരീഡ് ഓഫ് ഹാൾട്ട് മുതലായവ സൂചിപ്പിക്കുന്ന കോളങ്ങൾ എഴുതി സൂക്ഷിച്ചിട്ടില്ല.
2. ഓരോ മാസാവസാനവും തന്റെ നിയന്ത്രണത്തിലുള്ള ഓരോ വാഹനത്തിനും സംബന്ധിച്ചുള്ള ലോഗ് ബുക്ക് സംക്ഷിപ്തം ചട്ടം 37 പ്രകാരം എഴുതി സൂക്ഷിക്കേണ്ടതാണ് എന്നാൽ അത്തരത്തിലുള്ള മാസാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല.
3. ഇന്ധന ഉപയോഗത്തിന്റെയും ടാങ്കിൽ അവശേഷിക്കുന്ന ഇന്ധനത്തിന്റെയും കൃത്യമായ പരിശോധന നടത്തുന്നതിനായി ഓരോ തവണയും വാഹനത്തിന്റെ ഇന്ധന ടാങ്കിന്റെ പൂർണ്ണശേഷിയുടെ അത്രയും ഇന്ധനം നിറയ്ക്കേണ്ടതാണ്. പഞ്ചായത്ത് വാഹനമായ മഹീന്ദ്ര സൈലോയുടെ ടാങ്ക് കപ്പാസിറ്റി 55 ലിറ്ററാണ്. ലോഗ് ബുക്ക് പ്രകാരം 27.12.2023-ാം തീയതി 50.03 ലിറ്റർ ഡീസൽ നിറച്ചിട്ടുണ്ട്. ഓടിയ കിലോമീറ്റർ ദൂരം 99 കിലോമീറ്റർ മാത്രമായിരിക്കെ തൊട്ടടുത്ത ദിവസം തന്നെ 28.12.2023 ൽ വീണ്ടും 50.03 ലിറ്റർ ഡീസൽ ഇന്ധനം നിറച്ചിട്ടുണ്ട്. ടാങ്ക് കപ്പാസിറ്റി അനുസരിച്ച് ആണെങ്കിൽ ഇത്രയും ഇന്ധനം നിറയ്ക്കുവാൻ കഴിയുകയില്ല.
4. വാഹന കസ്റ്റോഡിയൻ മാസാന്ത്യം സംക്ഷിപ്തം എഴുതിയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ 16/03.12.2024 ന് ഇന്ധനം നിറയ്ക്കുന്നത് സംബന്ധിച്ച രേഖപ്പെടുത്തലുകളിൽ 27.12.2023 ൽ മാത്രമാണ് ഇന്ധനം നിറച്ചിട്ടുള്ളത് എന്നും, 28.12.2023 ൽ ഇന്ധനം നിറച്ചിട്ടില്ല എന്നും അറിയിക്കുകയും, ചെലവ് രേഖകൾ ഹാജരാക്കുകയും ചെയ്തു. ലോഗ് ബുക്ക് ചട്ടപ്രകാരം പരിപാലിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.
തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാഹനങ്ങൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി സൂക്ഷിക്കേണ്ടതും, ലോഗ് ബുക്ക് ക്രമപ്രകാരം തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

1-15 ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിനിക്ക് ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ നിരക്കിൽ സ്കോളർഷിപ്പ് നൽകി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ടിൽ ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിനിക്ക് ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ നിരക്കിൽ സ്കോളർഷിപ്പ് നൽകി. വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	എസ്.0012/2024	
പ്രോജക്ടിന്റെ പേര്	പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	
ഫണ്ട്	അടങ്കൽ(രൂപ)	ചെലവ്(രൂപ)
എസ്.സി.പി	5,28,280/-	5,28,280/-
ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്	4,00,000/-	0
തനത് ഫണ്ട്	3,06,720/-	2,41,720/-
ആകെ	12,35,000/-	7,70,000/-

2023-24 സാമ്പത്തിക വർഷം കേരള മീഡിയ അക്കാദമി നടത്തുന്ന ഒരു വർഷ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സായ പബ്ളിക് റിലേഷൻസ് & അഡ്വർട്ടൈസ്മെന്റ് എന്ന കോഴ്സിന് അഡ്മിഷൻ നേടി പഠനം ആരംഭിച്ച കുമാരി.പൂജാ പ്രകാശ്, ഷീലാ സദനം പൂതക്കുളം എന്ന വിദ്യാർത്ഥിക്ക് ബിൽ നമ്പർ 288/07.12.2023 പ്രകാരം എസ്.സി.പി ഫണ്ടിൽ നിന്നും 30,000/-രൂപ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. കേരള മീഡിയ അക്കാദമി നടത്തുന്ന ഒരു വർഷ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സായ പബ്ളിക് റിലേഷൻസ് & അഡ്വർട്ടൈസ്മെന്റ് എന്ന കോഴ്സ് ഒരു വർഷം ദൈർഘ്യമുള്ള ഡിപ്ലോമ കോഴ്സാണ്. സർക്കാർ ധനസഹായം സംബന്ധിച്ച് സർക്കാർ ഉത്തരവ് സ.ഉ.(കൈ)നം 115/2022/തസ്വഭവ തീയതി 28.05.2022 ഖണ്ഡിക 7.2.4 പ്രകാരം ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കാണ് 30000/-രൂപ സ്കോളർഷിപ്പ് നൽകേണ്ടത്. മറ്റ് സർക്കാർ അംഗീകൃത റഗുലർ കോഴ്സുകൾക്ക് 15000/-രൂപ നിരക്കിലാണ് സ്കോളർഷിപ്പ് അനുവദിക്കേണ്ടത്.

സ്കോളർഷിപ്പ് ആനുകൂല്യം നൽകിയ വിദ്യാർത്ഥിനി പഠിക്കുന്ന കോഴ്സ് പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സിന് തത്തുല്യമാണെങ്കിൽ അതിന്റെ രേഖകൾ ഹാജരാക്കുന്നതിലേക്ക് നൽകിയ ഓഡിറ്റ് എൻകവയറിക്ക് പ്രസ്തുത കോഴ്സ് പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സിന് തത്തുല്യമായാണ് അംഗീകരിച്ചത് എന്നതിനനുസൃതമായാണ് നൽകിയത് എന്നും തത്തുല്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തത്തുല്യതാ കോഴ്സിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ ചെലവാക്കിയ 30000/- രൂപയിൽ, 15000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തത്തുല്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക-15000/-രൂപ
ഓഡിറ്റ് എൻകവയറി നം.-10/28.11.24

1-16 പാലിയേറ്റീവ് കെയർ ദീർഘകാല രോഗങ്ങളും – മരുന്നുകളും പാലിയേറ്റീവ് ഉപകരണങ്ങളും ലഭ്യമാകാൻ ശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ ദീർഘകാല രോഗങ്ങളും മാറാരോഗങ്ങളും പ്രോജക്ടിൽ കെ.എം.സി.എല്ലിന് തുക നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	എസ്.ഒ-0006/2024	
പ്രോജക്ടിന്റെ പേര്	പാലിയേറ്റീവ് കെയർ ദീർഘകാല രോഗങ്ങളും മാറാ രോഗങ്ങളും	
ഫണ്ട്	അടങ്കൽ	ചെലവ്
വികസന ഫണ്ട്	20,00,000/-രൂപ	18,92,791/-രൂപ
ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്	5,00,000/-രൂപ	0
ആകെ	25,00,000/-രൂപ	18,92,791/-രൂപ

മേൽ പ്രോജക്ട് പ്രകാരം നൽകിയ തുകയുടെയും ലഭ്യമായ മരുന്നുകളുടെയും പാലിയേറ്റീവ് ഉപകരണങ്ങളുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	**ബിൽ നമ്പർ**	**പ്രഫോർമ ഇൻവോയ്സ് നമ്പർ**	**നൽകിയ തുക**	**ലഭ്യമായ മരുന്നുകളുടെ തുക(രൂപ)**	**ലഭ്യമാകാൻ ശേഷിക്കുന്ന മരുന്നുകളുടെ തുക(രൂപ)**
1	282/06.12.2023	പി.ആർഎഫ്.2083 /06.12.2023	8,00,000/-	4,26,394/-	3,73,606/-
2	517/24.03.2024	പി.ആർഎഫ്.3447 /24.03.2024	1,17,685/-	98,159/-	19,526/-
ആകെ					**3,93,132/-**

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകവയറി നമ്പർ 06/27.11.2024 ന് മറുപടി നൽകിയിട്ടില്ല. മരുന്നുകളും പാലിയേറ്റീവ് ഉപകരണങ്ങളും ലഭ്യമായിട്ടില്ലാത്തതിനാൽ ഇനി ലഭ്യമാകാൻ ശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകളുടെയും ഉപകരണങ്ങളുടെയും തുക തടസ്സപ്പെടുത്തുന്നു. മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ലഭ്യമാകുന്ന മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക-393132/-രൂപ

1-17 എസ്.സി.പി ഭവന നിർമ്മാണ പ്രോജക്ടുകൾ - ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നു.

പൂതക്കുളം ഗ്രാമ പഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം ഭവന നിർമ്മാണത്തിനായി 4 എസ്.സി.പി പ്രോജക്ടുകൾ വിഭാവനം ചെയ്തിരുന്നു. ഈ ഭവന നിർമ്മാണ പ്രോജക്ടുകളിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നു.

1. എസ്.0059/2024

പ്രോജക്ട് നമ്പർ	എസ്.0059/2023
പ്രോജക്ട്	ലൈഫ് 2020 ഭവന നിർമ്മാണം. എസ്.സി.പി

ഫണ്ട്	അടങ്കൽ(രൂപ)	ചെലവ്(രൂപ)
എസ്.സി.പി	58,82,387/-	40,20,000/-
സംസ്ഥാനാവിഷ്കൃത ഫണ്ട്	50,00,000/-	18,00,000/-
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	15,00,000/-	15,00,000/-
ജില്ലാ പഞ്ചായത്ത് വിഹിതം	5,00,000/-	4,80,000/-
ഹഡ്കോ ലോൺ	71,17,613/-	48,60,000/-
ആകെ	2,00,00,000/-	1,26,60,000/-

ഈ പ്രോജക്ടിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നു.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ തീയതി/ തുക(രൂപ)		ആകെ കൈപ്പറ്റിയ തുക(രൂപ)
1	ശ്രീമതി ബിന്ദു.എസ് നെടിയവിള വീട്, പുന്നേക്കുളം	12.09.2023	40000/-	3,00,000/-
		17.02.2024	160000/-	
		28.05.2024	100000/-	
2	ശ്രീമതി വസന്ത ഉണ്ണി വിലാസം, വാർഡ് 17	25.03.2024	40000/-	40,000/-
3	ശ്രീമതി ശ്രീദേവി.ജി സഞ്ജന നിവാസ്, പൂതക്കുളം വാർഡ് 18	05.07.2023	40000/-	3,00,000/-
		03.10.2023	160000/-	
		22.01.2024	100000/-	
4	ശ്രീമതി കുമാരി ഇടയില വിള വീട്, കലയ്കോട് വാർഡ് 18	12.09.2023	40000/-	3,00,000/-
		18.10.2023	160000/-	
		03.01.2024	100000/-	
5	ശ്രീമതി സുധ ചരുവിള പുത്തൻവീട്, പൂതക്കുളം, വാർഡ്-3	05.07.2023	40000/-	40,000/-
6	ശ്രീമതി ലീന.ആർ കായലരികത്ത് പുത്തൻ വീട്, വാർഡ്-13	25.03.2024	40000/-	40,000/-

2. എസ്.ഒ.0130/2024

പ്രോജക്ട് നമ്പർ	എസ്.ഒ.0133/2023	
പ്രോജക്ടിന്റെ പേര്	ലൈഫ് ഭവന നിർമ്മാണം. എസ്.സി.പി പട്ടികജാതി വകുപ്പ് - അഡീഷണൽ ലിസ്റ്റ്.	
ഫണ്ട്	അടങ്കൽ	ചെലവ്
എസ്.സി.പി	1,60,000/-	1,60,000/-
സംസ്ഥാനാവിഷ്കൃത ഫണ്ട്	5,00,000/-	0
ഹഡ്കോ ലോൺ	9,00,000/-	2,00,000/-
ആകെ	15,60,000/-	3,60,000/-

ഈ പ്രോജക്ടിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നു.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ തീയതി/തുക		ആകെ കൈപ്പറ്റിയ തുക
1	ശ്രീ രഞ്ജിത്ത് മാടൻകാവ്, കിഴക്കതിൽ, വാർഡ് XII	12.12.2022	40,000/-	2,00,000/-
		30.12.2022	1,60,000/-	
2	ശ്രീമതി സുമി ബൈജു ഇടയില വീട്, പൂതക്കുളം. വാർഡ് III	11.01.2023	40,000/-	2,00,000/-
		02.02.2023	1,60,000/-	

3. എസ്.ഒ.0133/2024

പ്രോജക്ട് നമ്പർ	എസ്.ഒ.0133/2023	
പ്രോജക്ടിന്റെ പേര്	ലൈഫ് ഭവന നിർമ്മാണം. എസ്.സി.പി	
ഫണ്ട്	അടങ്കൽ(രൂപ)	ചെലവ്(രൂപ)
എസ്.സി.പി	1,60,000/-	1,60,000/-
സംസ്ഥാനാവിഷ്കൃത ഫണ്ട്	17,50,000/-	4,30,000/-
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	8,00,000/-	3,60,000/-

ഹഡ്കോ ലോൺ	30,00,000/-	5,40,000/-
ആകെ	57,10,000/-	14,90,000/-

ഈ പ്രോജക്ടിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നു.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ തീയതി/ തുക(രൂപ)		ആകെ കൈപ്പറ്റിയ തുക(രൂപ)
1	ശ്രീമതി ബിന്ദു, തോണിപ്പാറ, ലക്ഷംവീട്, വാർഡ് XII	08.02.2023	40000/-	3,00,000/-
		16.03.2023	160000/-	
		11.09.2023	100000/-	
2	ശ്രീ ബിനു. ജയന്തികോളനി, പൂതക്കുളം. വാർഡ് III	11.09.2023	40,000/-	2,00,000/-
		24.11.2023	1,60,000/-	
3	ശ്രീ കൃഷ്ണകുമാർ ഞാറോട്ട് കോളനി, പൂതക്കുളും വാർഡ് XVIII	05.07.2023	40000/-	4,00,000/-

4. എസ്.ഒ.0134/2024

പ്രോജക്ട് നമ്പർ	എസ്.ഒ.0134/2023	
പ്രോജക്ടിന്റെ പേര്	ലൈഫ് ഭവന നിർമ്മാണം. എസ്.സി.പി	
ഫണ്ട്	അടങ്കൽ(രൂപ)	ചെലവ്(രൂപ)
എസ്.സി.പി	1,20,000/-	1,20,000/-
സംസ്ഥാനാവിഷ്കൃത ഫണ്ട്	65,60,000/-	11,80,000/-
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	20,00,000/-	3,00,000/-
ജില്ലാ പഞ്ചായത്ത് വിഹിതം	20,75,629/-	1,00,000/-
ഹഡ്കോ ലോൺ	1,59,04,371/-	23,40,000/-
ആകെ	2,66,60,000/-	40,40,000/-

ഈ പ്രോജക്ടിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നു.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ തീയതി/ തുക(രൂപ)		ആകെ കൈപ്പറ്റിയ തുക(രൂപ)
1	ശ്രീമതി സുഭാഷിണി, കുന്നുവിള വീട്, വാർഡ് IX	12.03.2024	40,000/-	40,000/-
2	ശ്രീമതി സത്യവല്ലി ഞാറോട്ട് കോളനി, വാർഡ് XVIII	12.03.2024	40,000/-	40,000/-

ഈ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരവും ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും അറിയിക്കുന്നതിലേക്ക് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ 01/25.11.2024 ന് മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചു വരുന്നതിന്റെയും ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങളും ഹാജരാക്കി. ഭവനനിർമ്മാണം പൂർത്തീകരിപ്പിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-18 കലയ്ക്കോട് യു.പി.എസിന് ഫർണിച്ചർ വാങ്ങൽ-സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

കലയ്ക്കോട് യു.പി.എസിന് ഫർണിച്ചർ വാങ്ങൽ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതിരിക്കുകയും, കമ്മീഷൻ നിരക്കിനേക്കാൾ കൂടിയ നിരക്കിൽ ഫർണിച്ചർ വാങ്ങുക വഴി 17160/-രൂപയുടെ നഷ്ടം ഉണ്ടാവുകയും ചെയ്തു.

നിർവഹണോദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ
പദ്ധതി	കലയ്ക്കോട് യു പി എസിന് ഫർണിച്ചർ- SO (116/24)
അടങ്കൽ തുക	199204/- രൂപ (റോഡിതരം ഫണ്ട്) 190796/- രൂപ (തനത് ഫണ്ട്)
ചെലവ് തുക	199204/- രൂപ (ബിൽ നം.61/6.7.23)

	190796/- രൂപ (ചെക്ക് നം.2344566/11.07.23)

പ്രസ്തുത പദ്ധതിയിൽ Desk&Bench With Back Rest And Shelve(90x40x60&90x30x40) എന്ന ഫർണിച്ചർ റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാതിരുന്നിട്ടും ടെണ്ടർ നടപടികൾ ഒഴിവാക്കി ART CO Ltd ൽ നിന്നും വാങ്ങി. GO(Rt)No.20/2023/SPD Dtd 24.02.23 ഉത്തരവ് പ്രകാരമുള്ള ARTISANS CORPORATION LTDന്റെ റേറ്റ് കോൺട്രാക്ട് /Price List ൽ മേൽ സ്പെസിഫിക്കേഷനിലുള്ള ഫർണിച്ചർ ഉൾപ്പെട്ടിട്ടില്ല.

മേൽ ഉത്തരവിൽ സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റുമായി റേറ്റ് കോൺട്രാക്റ്റ് ഉള്ള സ്ഥാപനങ്ങൾ സർക്കാർ അംഗീകരിച്ച നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യണമെന്നും വിതരണം ചെയ്യുന്ന സാധനങ്ങൾ തങ്ങളുടെ സ്ഥാപനത്തിൽ നിർമ്മിച്ചതാണെന്ന സാക്ഷ്യപത്രം നല്കേണ്ടതാണെന്നും, സർക്കാർ അംഗീകരിച്ച റേറ്റ് കോൺട്രാക്റ്റ് ലിസ്റ്റിലുൾപ്പെടാത്ത ഇനങ്ങൾ ടെൻഡർ നടപടികളിലൂടെ വാങ്ങേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇവിടെ സർക്കാർ നിരക്ക് അംഗീകരിച്ച് നൽകിയിട്ടില്ലാത്ത സാധനങ്ങൾ ടെൻഡർ നടപടികൾ ഒഴിവാക്കി വാങ്ങുകയാണുണ്ടായത്.

വാങ്ങലിന് മുന്നോടിയായി ARTCO ഹാജരാക്കിയ ക്വട്ടേഷൻ നിരക്കിനേക്കാൾ കൂടിയ നിരക്കിലാണ് ഫർണിച്ചർ വിതരണം ചെയ്തതിന് ശേഷം ബിൽ നൽകിയതും, തുക നൽകിയിട്ടുള്ളതും. വിശദ വിവരം താഴെ ചേർക്കുന്നു.

25.01.2023 ലെ 2404 നമ്പർ ക്വട്ടേഷൻ പ്രകാരം ഫർണിച്ചറിന്റെ വില കാട്ട് ചെയ്തിട്ടുള്ളത് 5635 +1014(18% GST)	6,649/-രൂപ
27.3.23 ലെ 307 നമ്പർ Delivered Bill പ്രകാരം തുക നൽകിയിട്ടുള്ളത്- 6002+1080.36(18%GST)	7,082.36/-രൂപ
56 എണ്ണം ഫർണിച്ചറിന് അനുവദിച്ച തുക 56x7082=396612/- Ltd	3,90,000/-രൂപ
ക്വട്ടേഷൻ ഇൻവോയ്സ് പ്രകാരം അനുവദിക്കേണ്ട തുക 56x6649	3,72,344/-രൂപ
അധികം അനുവദിച്ച തുക = 390000-372344	17,656/-രൂപ

ഇപ്രകാരം തുക അധികം അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം അനുവദിച്ച 17656/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. പ്രസ്തുത തുക ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.3/26.11.24
നിരാകരിച്ച തുക-17656/- രൂപ

1-19 വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	പദ്ധതി	അടങ്കൽ തുക(₹)	ചെലവ് തുക (₹)	ബിൽ നം/ തീയതി	റിമാർക്സ്
1.	ഇടയാടി റ്റി റ്റി ഐ തോട് നവീകരണം (നം. 113/24)	1500000/- (അർബൻ അഗ്ലോമറേഷൻ ഫണ്ട്)	1500000/-	062611/ 18.12.23	EST.No.IRR/IA/EST/5594/2023 നമ്പർ എസ്റ്റിമേറ്റ് പ്രകാരം ആകെ 1500000/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചെറുകിട ജലസേചനവിഭാഗം,കൊല്ലത്തിൽ ഒടുക്കുവരുത്തി.
2.	വിവിധ വാർഡുകളിൽ തോടുകളുടേയും കുളങ്ങളുടേയും നവീകരണം (നം. 120/24)	1500000/- (അർബൻ അഗ്ലോമറേഷൻ ഫണ്ട്)	1500000/-	923173/ 10.7.23	EST.No.IRR/IA/EST/750/2022 നമ്പർ എസ്റ്റിമേറ്റ് പ്രകാരം ആകെ 1500000/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചെറുകിട ജലസേചന വിഭാഗം, കൊല്ലത്തിൽ ഒടുക്കുവരുത്തി.
3.	ഞാറോഡ്	1200000/- (അർബൻ	1200000/-	062653/ 13.3.24	EST.No.IRR/IA/EST/927/2024 നമ്പർ എസ്റ്റിമേറ്റ് പ്രകാരം

	ഏലാതോട് നവീകരണം(185/24)	അഗ്രോമറേഷൻ ഫണ്ട്)			ആകെ 1200000/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചെറുകിട ജലസേചന വിഭാഗം, കൊല്ലത്തിൽ ഒടുക്കുവരുത്തി.
4.	പൊതു ടാപ്പ് ഒഴിവാക്കൽ – തുക നൽകൽ (നം. 164/24)	630000/- (തനത് ഫണ്ട്)	630000/-	062603/ 14.11.23	DB1/PHDWK/DW/G/PKM/719/2017/24.9.23 ഡിമാന്റ് ലെറ്റർ പ്രകാരം ആകെ 630000/-രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തി.
5	വടക്കേ ഏലാ മഠത്തിൽ കുളത്തിന്റെ, അനുബന്ധ തോടുകളുടെ നവീകരണം.	723000/- (ധനകാര്യകമ്മിഷൻ അവാർഡ്)	723000/-	XVFC/2023 24/P/4, 26.05.23 423000/- XVFC/2023 24/P/3, 26.05.23 300000/-	ചെറുകിട ജലസേചന വകുപ്പ്, കൊല്ലം, ഒടുക്കുവരുത്തി.
		ആകെ	55,53,000/-		

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ആകെ ചെലവ് തുകയായ 55,53,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം.7/27.11.24

തടസ്സപ്പെടുത്തിയ തുക-55,53,000/-രൂപ

<u>1-20 പാലിന് സബ്സിഡി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല - 11585/-രൂപ അധികം നൽകി. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക തിരികെ ഒടുക്കു വരുത്തി.</u>

നിർവഹണോദ്യോഗസ്ഥൻ	ക്ഷീര വികസന ഓഫീസർ
പദ്ധതിവിവരം	ക്ഷീര കർഷകർക്ക് പാൽ വില സബ്സിഡി (പ്രോജക്ട് നം.45/24)
അടങ്കൽ തുക	800000/-രൂപ (വികസന ഫണ്ട്) 400000/-രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) 400000/-രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം)
ചെലവ് തുക	800,000/-രൂപ (വികസന ഫണ്ട്) 399489/-രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) 114245/-രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം)

സബ്സിഡി മാർഗ്ഗ രേഖ ഉത്തരവ് നം.സ.ഉ(കൈ) നം. 22/2018/ത.സ്വ.ഭ.വ. തീയതി.14.2.2018, ഖ.6.2.8 പ്രകാരം പാലിന് സബ്സിഡിയിനത്തിൽ ഒരു കർഷകന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 40,000/-രൂപയാണെന്നും, സംയുക്തമായോ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാത്രമായോ പദ്ധതി നടപ്പിലാക്കാം എന്ന് വ്യക്തമാക്കിയിരിക്കേ ഉത്തരവ് പാലിക്കാതെ 2023-24 വർഷത്തിൽ 40,000/-രൂപയിൽ കൂടുതലായി ആനുകൂല്യം നൽകി. വിശദ വിവരം ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേര് വിവരം	അനുവദിച്ച സബ്സിഡി(രൂപ)	UTR NO	സബ്സിഡി അനുവദിച്ച തദ്ദേശ സ്ഥാപനം	അധികം അനുവദിച്ച തുക(രൂപ)
ശശിധരൻ പിള്ള പൂതക്കുളം KUCS , ഭാസ്കരവിലാസം A/C N0.6270210981	26210.00	RBI3352321170418	പൂതക്കുളം ഗ്രാമ പഞ്ചായത്ത്	
	7084.00	RBI3132389600229		
	6946.00	RBI3292311212807		
	5694.00	RBI0182415293385		
	1150.00	RBI0872461628422		
ആകെ	47084/-			7084/-
ഷീജ.ബി. കലയ്ക്കോട്-KUCS , പുന്നവിള വീട് A/C N0.6106430985	28083.00	RBI2852329071901	പൂതക്കുളം ഗ്രാമ പഞ്ചായത്ത്	
	4501.00	RBI3132389600300		
	6476.00	RBI3292311212692		
	5441.00	RBI0872461628492		
ആകെ	44501/-			4501/-
			ആകെ	11,585/-

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിയുടെ അടിസ്ഥാനത്തിൽ

അധികം നൽകിയ തുകയായ 11585/-രൂപ (രസീത് നം. 1240501265/G021001/27.11.24 -4501/-രൂപ&രസീത് നം. 1240501316/G021001/28.11.24-7084/-രൂപ) തനതു ഫണ്ടിൽ ഒടുക്കി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകയറി നമ്പർ - 4/27.11.24.

1-21 സമഗ്ര നെൽകൃഷി വികസനം സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല.

സമഗ്ര നെൽകൃഷി വികസനം സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ	കൃഷി ഓഫീസർ
പ്രോജക്ട് നം	സമഗ്ര നെൽകൃഷി വികസനം പദ്ധതി (21/24)
അടങ്കൽ തുക	1750000/-രൂപ (വികസന ഫണ്ട്) 743750/-രൂപ (ഗുണഭോക്തൃ വിഹിതം)
ചെലവഴിച്ച തുക	653100/-രൂപ (ബിൽ നം.1/19.9.23- 442809/-രൂപ 2/19.9.23 - 151881/-രൂപ 11/25.3.24 - 58410/-രൂപ)

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ(കൈ).115/2022/ത.സ്വ.ഭ.വ തീയതി 28.5.22 ഖ.6.1.9 പ്രകാരം നെൽകൃഷി ഒരു പൂ-കൃഷിയ്ക്ക് വിത്ത്, വളം, കീടനാശിനികൾ, മറ്റ് ഉൽപാദനോപാധികൾ എന്നിവയ്ക്കായി ഒരു ഹെക്ടറിന് പരമാവധി അനുവദിക്കാവുന്ന സബ്സിഡി 25,000/-രൂപയാണ്. എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് നെൽകൃഷി വികസനം പദ്ധതിയിൽ ഒരു പൂ-കൃഷിയ്ക്ക് അധിക നിരക്കിൽ സബ്സിഡി തുക അനുവദിച്ചു. വിശദവിവരം ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേര് വിവരം	**കൃഷി ഭവൻ പരിധിയിൽ നെൽകൃഷി ചെയ്യുന്ന കർഷകരുടെ സ്ഥല പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ 27.12.23 ൽ പൂർത്തിയാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൃഷി ചെയ്ത ഭൂമിയുടെ വിസ്തൃതി (സെന്റിൽ)**	**അനുവദിച്ച തുക(രൂപ)**	**അനുവദിക്കാവുന്ന തുക (രൂപ)**	**അധികം അനുവദിച്ച തുക (രൂപ)**
ശ്രീ പ്രകാശ് വി സഹോദര സദനം, കല്ക്കോട്	182+165=347	37245/-	34700/-	2545/-
ശ്രീമതി.അംബികാദേവിഅമ്മ എൻ എസ് മന്ദിരം, പൂതക്കുളം	145+85=230	35793/-	23000/-	12793/-
ശ്രീ അനിൽകുമാർ കുന്നുംപുറത്ത്, മുക്കാലവിളവീട്	430	43553/-	43000/-	553/-
			ആകെ	**15891/-**

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് നെൽകൃഷി ചെയ്ത കർഷകരായ ശ്രീമതി അംബികാദേവി അമ്മ, എൻ എസ് മന്ദിരം, പൂതക്കുളം-380സെന്റ്, ശ്രീ അനിൽകുമാർ, കുന്നുംപുറത്ത് മുക്കാലവിളവീട്-500സെന്റ്, ശ്രീ പ്രകാശ് വി, സഹോദര സദനം, കല്ക്കോട്-380സെന്റ് എന്നീ അളവുകളിൽ കൃഷി ചെയ്തിട്ടുണ്ടെന്നും പഞ്ചായത്ത് സമിതി അംഗീകരിച്ച ലിസ്റ്റിൽ വിസ്തീർണ്ണത്തിൽ അച്ചടിപ്പിശക് സംഭവിച്ചതാണെന്നുമാണ്.
പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ(കൈ).115/2022/ത.സ്വ.ഭ.വ തീയതി 28.05.22 ഖ.6.1.9A(8) പ്രകാരം പാട്ടക്കൃഷിയാണെങ്കിൽ പാട്ടത്തിനെടുത്ത് കൃഷി ചെയ്തതാണെന്ന നിർവഹണോദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് വേണ്ടതാണ് എന്ന്

വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ മോണിറ്ററിംഗ് റിപ്പോർട്ട്, വാല്യുവേഷൻ റിപ്പോർട്ട് എന്നിവ തയ്യാറാക്കാതെ, നെൽകൃഷി ചെയ്യുന്ന കർഷകരുടെ സ്ഥലപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ 27.12.23-ൽ പൂർത്തിയാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൃഷി ചെയ്ത ഭൂമിയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിരിക്കുന്നത്. ആയതിനാൽ പഞ്ചായത്ത് സമിതി അംഗീകരിച്ച ലിസ്റ്റിൽ വിസ്തീർണ്ണത്തിൽ അച്ചടിപ്പിശക് സംഭവിച്ചതാണെന്ന മറുപടി ന്യായീകരിക്കത്തക്കല്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും, പദ്ധതി നിർവ്വഹണത്തിൽ സർക്കാർ ഉത്തരവുകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.
ഓഡിറ്റ് എൻകയറി നം.11/28.11.24

1-22 ആശ്രയ പദ്ധതി വിഹിതം നൽകൽ - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ആശ്രയ പദ്ധതി വിഹിതം നൽകൽ എന്ന പ്രോജക്ടിൽ നിർവ്വഹണരേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ	എസ്.0012/2024	
പ്രോജക്ട്	ആശ്രയ പദ്ധതി വിഹിതം നൽകൽ	
ഫണ്ട്	അടങ്കൽ(രൂപ)	ചെലവ്(രൂപ)
വികസന ഫണ്ട്	1,00,000/-	1,00,000/-
ആകെ	1,00,000/-	1,00,000/-

മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിനായി ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭക്ഷണ വിതരണത്തിനായി കുടുംബശ്രീ അക്കൌണ്ടിലേക്ക് (എസ്.ബി 40573101050215) 1,00,000/-രൂപ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. ബിൽ നമ്പർ 23030652093001274 36/25.05.2023. ഭക്ഷണ കിറ്റ് വിതരണം സംബന്ധിച്ച ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിലേക്ക് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ 17/03.12.2024 ന് കുടുംബശ്രീയിൽ നിന്നും രജിസ്റ്റർ ഹാജരാക്കിയെങ്കിലും ഭക്ഷ്യകിറ്റ് വിതരണം സംബന്ധിച്ച കൃത്യത പരിശോധിക്കുവാൻ പര്യാപ്തമായ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ ചെലവായ തുക 100000/-രൂപ തടസ്സപ്പെടുത്തുന്നു. വിതരണ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സപ്പെടുത്തിയ തുക-100000/- രൂപ
ഓഡിറ്റ് അന്വേഷണം നം-17/03.12.2024

1-23 രോഗികൾക്ക് സൗജന്യ ആംബുലൻസ് സംവിധാനം -സർവീസ് ചാർജ്ജ് രണ്ട് വ്യത്യസ്ത നിരക്കിൽ അനുവദിക്കുന്നു.

രോഗികൾക്ക് സൗജന്യ ആംബുലൻസ് സംവിധാനം പദ്ധതിയിൽ സർവീസ് ചാർജ്ജ് രണ്ട് വ്യത്യസ്ത നിരക്കിൽ അനുവദിക്കുകയും, പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നൂതന പദ്ധതിയിലെ വ്യവസ്ഥകൾ പരിശോധനയ്ക്ക് ഹജരാക്കിയിട്ടില്ല.

നിർവഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പദ്ധതി	രോഗികൾക്ക് സൗജന്യ ആംബുലൻസ് സംവിധാനം(33/24)
അടങ്കൽ തുക	350000/- രൂപ (തനത് ഫണ്ട്)
ചെലവ് തുക	164294/- രൂപ, (ചെക്ക് നം.2344759/24.1.24)

2017-18 ൽ നൂതന പദ്ധതിയായി അംഗീകാരം വാങ്ങി, 2023-24 വർഷത്തിലും തുടർന്നു വരുന്ന പദ്ധതിയാണിത്. ഗ്രാമ പഞ്ചായത്തിലെ BPL വിഭാഗത്തിൽ ഉൾപ്പെടുന്നവരോ, ദുർബല വിഭാഗത്തിൽ ഉൾപ്പെടുന്നവരോ ആയ വ്യക്തികളെ ആശുപത്രിയിൽ എത്തിക്കുന്നതിനായുള്ള പദ്ധതിയിൽ കലയ്ക്കോട് സി.എച്ച്.സി യിലെ ആംബുലൻസിന്റെ സർവീസ് ചാർജ്ജ് മിനിമം 500/- രൂപയോ, കിലോമീറ്ററിന് 17/- രൂപയോ, ഇതിൽ ഏതാണോ കൂടുതൽ, ആയത് നൽകാവുന്നതും പൂതക്കുളം സർവ്വീസ് സഹകരണ ബാങ്ക് വക ആംബുലൻസിന്റെ സർവീസ് ചാർജ്ജ് മിനിമം 500/- രൂപയോ, കിലോമീറ്ററിന് 18/-രൂപയോ, ഇതിൽ ഏതാണോ കൂടുതൽ, ആയത് നൽകാവുന്നതുമാണ് എന്ന വ്യവസ്ഥയിലാണ് പദ്ധതി നടപ്പിലാക്കിയത്. 1/24 മുതൽ പൂതക്കുളം സർവ്വീസ് സഹകരണ

ബാങ്ക് വക ആംബുലൻസിന്റെ സർവീസ് ചാർജ്ജ് കിലോമീറ്ററിന് 20/-രൂപയായി ഉയർത്തി നൽകിയിട്ടുണ്ട്.
സർവീസ് ചാർജ്ജ് രണ്ട് വ്യത്യസ്ത നിരക്കിൽ അനുവദിക്കാനുണ്ടായ സാഹചര്യവും, പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നൂതന പദ്ധതിയിലെ വ്യവസ്ഥകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് ചുവടെ ചേർക്കും പ്രകാരമാണ്.
കലയ്ക്കോട് സി.എച്ച്.സി ഒരു സർക്കാർ സ്ഥാപനമായതിനാലും അവിടെ നിയോഗിച്ചിട്ടുള്ള ആംബുലൻസ് ഡ്രൈവർക്ക് HMC ഫണ്ടിൽ നിന്നും വേതനം അനുവദിച്ച് വരുന്നതിലുമാണ് കിലോമീറ്റർ നിരക്ക് 17/-രൂപയായി നിലനിർത്തി വരുന്നത് എന്നും, പുതക്കുളം സർവീസ് സഹകരണ ബാങ്ക് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനമായതിനാൽ ആംബുലൻസിന്റെ കിലോമീറ്റർ നിരക്ക് സി.എച്ച്.സി കലയ്ക്കോടിലെ ആംബുലൻസ് നിരക്കിനെ അപേക്ഷിച്ച് കുറേകൂടി ഉയർന്ന നിരക്കിലാണ് അനുവദിച്ച് വരുന്നത്. രോഗികൾക്ക് സൗജന്യ ആംബുലൻസ് സേവനം എന്ന പദ്ധതി പുതക്കുളം ഗ്രാമപഞ്ചായത്തിലെ ഏറ്റവും ജനകീയമായ പദ്ധതികളിൽ ഒന്നും ബിപിഎൽ വിഭാഗത്തിൽ പെട്ട ജനങ്ങൾക്ക് ഏറ്റവും കൂടുതൽ പ്രയോജനപ്പെടുന്ന പദ്ധതിയുമാണെന്ന് മറുപടി ലഭ്യമാക്കി. മറുപടിയിൽ നൂതന പദ്ധതിയിലെ വ്യവസ്ഥകൾ വ്യക്തമാക്കിയിട്ടില്ല. സർവീസ് സഹകരണ ബാങ്ക് ആംബുലൻസിന്റെ കിലോമീറ്റർ നിരക്ക് സി.എച്ച്.സി കലയ്ക്കോടിലെ ആംബുലൻസ് നിരക്കിനെ അപേക്ഷിച്ച് ഉയർന്ന നിരക്കിലാണ് അനുവദിച്ചതിനുള്ള മറുപടി അംഗീകരിക്കത്തക്കതല്ല. അതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് വ്യക്തമായതും, സമാനരീതിയിലുള്ളതുമായ വ്യവസ്ഥകൾ തയ്യാറാക്കി ഏറ്റവും ചെലവ് കുറഞ്ഞതും, ജനോപകാരപ്രദമായ രീതിയിലും നടപ്പിലാക്കേണ്ടതും നൂതന പദ്ധതിയിലെ വ്യവസ്ഥകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.
ഓഡിറ്റ് എൻകയറി നം.8/28.11.24

1-24 ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് ഗ്രാമ പഞ്ചായത്തിലേയ്ക്ക് ഒടുക്കുവാൻ ശേഷിക്കുന്നു

ഇ-ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൌണ്ടിലാണ് ഒടുക്കിവരുന്നത്. ഹാജരാക്കിയ രേഖകൾ പ്രകാരം 2020 ആഗസ്റ്റ് വരെയുള്ള തുക ടി അക്കൌണ്ടിൽ കൈമാറിയിട്ടുണ്ട്.

2020 സെപ്റ്റംബർ മാസം മുതൽ 2024 മാർച്ച് മാസം വരെ ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഇനത്തിൽ ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള 3,47,644/-രൂപ നിലവിലും ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. ടി തുക ക്രെഡിറ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് 24.06.2024 ൽ അസിസ്റ്റന്റ് എഞ്ചിനീയർ കത്ത് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ തുക ഗ്രാമപഞ്ചായത്തിലേയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനമായ ടെണ്ടർ ഫാറവില ഇനത്തിൽ ലഭിക്കേണ്ട 3,47,644/-രൂപ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്ഥിരം സമിതിയുടെയും, ഭരണ സമിതിയുടെയും പ്രത്യേക ശ്രദ്ധ ടി വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

1-25 ഹരിതകർമ്മസേന അവലോകനം

മാലിന്യ സംസ്കരണം കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 166(1) 3-ാം പട്ടിക (എ)-6. "ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യുകയും, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുകയും ചെയ്യുകയും" സംബന്ധിച്ച കാര്യങ്ങൾ നിർവ്വഹിക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 219-എ മുതൽ എക്സ് വരെയുള്ള വകുപ്പുകൾ മാലിന്യ പരിപാലനം സംബന്ധിച്ച് ഗ്രാമപഞ്ചായത്തും പൊതുജനങ്ങളും നിർവ്വഹിക്കേണ്ട കർത്തവ്യങ്ങളും ചുമതലകളും, അത് സംബന്ധിച്ച ഗ്രാമപഞ്ചായത്തിന്റെ അധികാരങ്ങളും വിശദമായി പ്രതിപാദിക്കുന്നു. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജൈവമാലിന്യങ്ങളുടെ ഉറവിട സംസ്കരണത്തിനും, അജൈവ മാലിന്യങ്ങളുടെ ശേഖരിക്കൽ, കയ്യൊഴിയൽ സംബന്ധിച്ചും,

സേവനങ്ങളും ഫീൽഡ്തല പ്രവർത്തനങ്ങളും നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന. മാലിന്യ സംസ്കരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രചാരണ പരിപാടികൾ, ആവശ്യകതാ നിർണ്ണയ പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രചരണ പരിപാടികൾ, യൂസർ ഫീ ശേഖരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും ഹരിതകർമ്മസേന നിർവ്വഹിക്കുന്നു. പൂതക്കുളം ഗ്രാമപഞ്ചായത്തിലെ ഉറവിടങ്ങളിലും വിവിധ തലങ്ങളിലും ഉള്ള അജൈവ/ജൈവ മാലിന്യത്തിന്റെ പരിപാലനം, വേർതിരിക്കൽ, സംസ്കരണ കേന്ദ്രങ്ങളിലേക്ക് മാലിന്യം എത്തിച്ചേരുന്നത് എന്നിവ സംബന്ധിച്ച ഹരിതകർമസേനയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള പ്രവർത്തനാവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.
പതിനെട്ട് വാർഡുകളുള്ള പൂതക്കുളം ഗ്രാമപ്പഞ്ചായത്തിലെ ആകെ ജനസംഖ്യ 29,447 ആണ് (2011 കാനേഷുമാരി പ്രകാരം) 8613 വീടുകളും 409 സ്ഥാപനങ്ങളും ഗ്രാമ പഞ്ചായത്തിലുണ്ട്. മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കിയിട്ടുണ്ട്. ഷെഡ്യൂൾ ചെയ്ത പ്രകാരം മാലിന്യ ശേഖരണം നടക്കുന്നുണ്ട് വീടുകളിലുള്ള അജൈവ മാലിന്യം എല്ലാ മാസവും മുടക്കം കൂടാതെ ഹരിതകർമ്മസേനയ്ക്ക് നൽകണമെന്നും അവർക്കു യൂസർഫീ നൽകണമെന്നുമുള്ള അറിയിപ്പ് പൊതുജനങ്ങളിൽ എത്തിച്ചിട്ടുണ്ട്. ഹരിതകർമ്മ സേനയുമായി സഹകരിക്കാത്തവർക്ക് നോട്ടീസ് നൽകിയും ഫോൺ വഴിയും അറിയിപ്പു നൽകുകയും ചെയ്യുന്നുണ്ട്. വീടുകളിൽ നിന്നും അജൈവ മാലിന്യം തരം തിരിച്ച്, ഹരിതകർമ്മ സേനയ്ക്ക് കൈമാറുന്നു. ശേഖരിക്കുന്ന മാലിന്യം പൂർണ്ണമായും സംസ്കരിക്കുന്നതിനുള്ള സൌകര്യങ്ങൾ എം.സി.എഫിൽ ഇല്ല. ഗ്രാമപഞ്ചായത്തിൽ ജൈവ-അജൈവ മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിന് ഹരിതകർമ്മ സേനാംഗങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. 2023-24 വർഷം ഹരിതകർമ്മസേന പൂതക്കുളം ഗ്രാമ പഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

ഹരിതകർമ്മസേനയുടെ വരുമാനം

ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം ഓരോ വാർഡുകളിലും 2 പേർ വീതം 36 ആണ്. മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട സേവനങ്ങൾക്കുള്ള യൂസർ ഫീ ആണ് പ്രധാന വരുമാന മാർഗം. വീടുകളിൽ നിന്ന് 50/-രൂപയും, സ്ഥാപനങ്ങളിൽ നിന്ന് 100/-രൂപയും ആണ് യൂസർ ഫീ നിശ്ചയിച്ചിട്ടുള്ളത്. ശേഖരിക്കുന്ന യൂസർ ഫീ തുക ഹരിത കർമ്മസേന കൺസോർഷ്യത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. വരുമാനം കൺസോർഷ്യത്തിൽ സൂക്ഷിക്കുകയും ആ തുക ഓരോ മാസവും അഞ്ചാം തീയതിക്കുള്ളിൽ അംഗങ്ങൾക്ക് അവരുടെ പ്രതിമാസ പ്രവർത്തന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ കൈമാറുന്നത് വഴി വരുമാനവും ചേർത്ത് ശമ്പളമിനത്തിൽ വീതിച്ചു നൽകുന്നു. ശരാശരി 9500/-രൂപ പ്രതിമാസ വേതനം ലഭിച്ചുവരുന്നു. പ്രതിമാസം ശരാശരി മൂന്ന് ടൺ പ്ലാസ്റ്റിക് കൈമാറുന്നുണ്ട്. 2023-24 സാമ്പത്തിക വർഷം ലഭിച്ച യൂസർ ഫീ ചുവടെ ചേർക്കുന്നു. വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉപയോഗിക്കുന്നില്ല.

യൂസർഫീ നൽകിയ വീടുകളുടെഎണ്ണം	യൂസർഫീ %	യൂസർ ഫീ കിട്ടിയ സ്ഥാപനങ്ങളുടെ എണ്ണം	യൂസർ ഫീ %	ആകെ കളക്ഷൻ ലഭിച്ചതുക (രൂപ)	കയറ്റി അയച്ച സെഗ്രിഗേറ്റഡ് പ്ലാസ്റ്റിക്(കി.ഗ്രാം)	സെഗ്രിഗേറ്റഡ് പ്ലാസ്റ്റിക് വിറ്റയിനത്തൽ ലഭിച്ച തുക(രൂപ)	ആകെ വരുമാനം (രൂപ)
4690	53%	253	61%	34,91,750/-	65531	8,33,767/-	43,25,517/-

8613 വീടുകളും 409 സ്ഥാപനങ്ങളും ഉള്ളതിൽ നിലവിൽ 4690 വീടുകളും 253 സ്ഥാപനങ്ങളും മാത്രമേ ഹരിതകർമ്മ സേനാംഗങ്ങൾക്ക് യൂസർ ഫീ നൽകി അജൈവമാലിന്യങ്ങൾ നൽകുന്നുള്ളൂ.

<u>മാലിന്യം നീക്കം ചെയ്യൽ</u>

ഒരോ വാർഡുകളേയും അവിടുത്തെ വീടുകളേയും സ്ഥാപനങ്ങളേയും അടിസ്ഥാനമാക്കി ക്ലസ്റ്ററുകളായി തിരിച്ച് ഹരിത മിത്രം ആപ്പ് വഴി ഹരിതകർമ്മ സേനാംഗങ്ങൾ വാതിൽപടി സേവനത്തിലൂടെ വീടുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നു. എല്ലാ വാർഡുകളിലും ക്യു.ആർ കോഡ് കവറേജ് ലഭ്യമാണെന്ന് ചുമതലയുള്ള വി.ഇ.ഒ അറിയിച്ചിട്ടുണ്ട്. പാതയോരങ്ങളിൽ നിന്നും നീക്കം ചെയ്തിട്ടുള്ള മാലിന്യം തരം തിരിക്കുന്നതിന് സാധിക്കാത്ത വിധം മലിനമായതിനാൽ ആയത് ലെഗസി വേസ്റ്റിൽ ഉൾപ്പെടുത്തി കമ്പനിക്ക് നൽകി വരുന്നു. കമ്പനി ലെഗസി വേസ്റ്റ് യഥാസമയം നീക്കം

ചെയ്യാത്തതിനാൽ മാലിന്യം കെട്ടിക്കിടന്ന് സമീപത്തെ കുടുംബാരോഗ്യ കേന്ദ്രത്തിന്റെയും സ്മാർട്ട് അംഗൻവാടിയുടെയും പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നു. ചുറ്റുമതിലില്ലാത്തതിനാൽ തെരുവുനായ്ക്കളുടെയും സാമൂഹ്യ വിരുദ്ധരുടെയും ശല്യവും ഉണ്ട്.

മാലിന്യ സംസ്കരണം

ശേഖരിച്ച മാലിന്യങ്ങൾ കൃത്യമായി തരംതിരിക്കുന്നതിനും സംസ്ക്കരണം നടത്തുന്നതിനുമുള്ള സൌകര്യങ്ങൾ നിലവിൽ ഗ്രാമപഞ്ചായത്തിനില്ല. ശേഖരിച്ച പ്ലാസ്റ്റിക് വസ്തുക്കൾ താൽക്കാലികമായി സംഭരിക്കുന്നതിന് മിനി എം.സി.എഫുകളുണ്ട്. എം.സി.എഫിൽ ശേഖരിച്ച പ്ലാസ്റ്റിക്കുകൾ തരം തിരിക്കുന്നതിനോ സംഭരിക്കുന്നതിനോ ഉള്ള സൌകര്യങ്ങൾ വളരെ പരിമിതമാണ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ തരം തിരിക്കുന്നതിനുള്ള സോർട്ടിംഗ് ടേബിൾ വാങ്ങിയിട്ടില്ല. അഗ്നിശമന സൌകര്യങ്ങൾ/തീ പിടിക്കാതിരിക്കുന്നതിനുള്ള അഗ്നി സുരക്ഷാ ഉപകരണങ്ങൾ, വെയിംഗ് മെഷീൻ, ടൊയ്ലറ്റ് തുടങ്ങിയ സൌകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും എം.സി.എഫിന്റെ സ്ഥലപരിമിതിമൂലം സോർട്ടിംഗിനും സ്റ്റോറേജിനും കഴിയാത്ത അവസ്ഥയാണുള്ളത്. ഹരിതകർമ്മസേനാംഗങ്ങൾക്ക് ഉപയോഗിക്കുന്നതിനായി പിക്ക്അപ്പ് വാൻ വാടകയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്, ഹരിതകർമ്മസേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം ലഭ്യമാക്കിയെങ്കിലും നിലവിലും വാടക വാഹനമാണ് ഉപയോഗിക്കുന്നത്.

പരിശീലനം

അജൈവമാലിന്യം തരംതിരിക്കുന്നതിനുള്ള പരിശീലനം ഹരിതകർമ്മസേനാംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ സ്മാർട്ട് ഫോൺ നൽകി ഹരിതമിത്രം ആപ്പ് ഉപയോഗിക്കുന്നതിന് കെൽട്രോൺ സ്റ്റാഫ് മുഖാന്തിരവും പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. ക്യു.ആർ.കോഡ് കവറേജിൽ ഭൂരിഭാഗം വീടുകളിലും കൈവരിച്ചതിനാൽ ഹരിതകർമ്മ സേന എന്നതിലുപരി അവർ ഗ്രീൻ ടെക്നീഷ്യൻസ് എന്ന പദവിയിലേക്ക് ഉയർത്തപ്പെട്ടു.

കാമ്പയിൻ പ്രവർത്തനങ്ങൾ

സ്കൂളുകൾ കേന്ദ്രീകരിച്ച് നടത്തിയ എൻ.എസ്.എസ്. പ്രോഗ്രാമിലൂടെ കുട്ടികളിൽ മാലിന്യ പരിപാലന ശീലം വളർത്തിയെടുക്കുന്നതിന് കഴിഞ്ഞു. കലോത്സവങ്ങളിലും മറ്റും ഹരിതകർമ്മസേനാംഗങ്ങളുടെ ശുചിത്വ സ്കാഡ് പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ എല്ലാ വാർഡുകളുടെയും വീടുകൾ സന്ദർശിച്ച് ജൈവ അജൈവ മാലിന്യത്തെക്കുറിച്ചും അത് ശാസ്ത്രീയമായി സംസ്കരിക്കേണ്ട ആവശ്യകതയും ബോധ്യപ്പെടുത്തി യൂസർ ഫീ നൽകി പ്ലാസ്റ്റിക് മാലിന്യം നൽകേണ്ട ആവശ്യകതയെയും കുറിച്ച് ബോധവൽക്കരണം നടത്തിയിട്ടുണ്ട്. ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ഇനോക്കുലം വാങ്ങി വീടുകളിൽ വിതരണം നടത്തി ജൈവ മാലിന്യം സംസ്കരിക്കുന്നതിനുള്ള കാമ്പയിനുകളും നടത്തിവരുന്നു.

അവലോകനം

എല്ലാ മാസവും ഹരിതകർമ്മസേനയുടെ പഞ്ചായത്ത് തല അവലോകനം നടത്താറുണ്ട്. ഈ യോഗത്തിൽ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, സിഡിഎസ് ചെയർപേഴ്സൺ, സെക്രട്ടറി, അസി.സെക്രട്ടറി, വിഇഒ എന്നിവർ പങ്കെടുത്തുവരുന്നു. എല്ലാ അവലോകന യോഗങ്ങളിലും പ്രവർത്തനത്തിലെ പോരായ്മകൾ ചർച്ച ചെയ്യുകയും അവ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. ഹരിതകർമ്മസേനയുടെ പ്രവർത്തനം സൂക്ഷ്മതലത്തിൽ നിരീക്ഷിക്കപ്പെടുന്നതിലേയ്ക്ക് ജനപ്രതിനിധികൾ, നോഡൽ ഓഫീസർ (അസി.സെക്രട്ടറി), നിർവ്വഹണ ഉദ്യോഗസ്ഥൻ(VEO), ഹരിത സഹായ സ്ഥാപന പ്രതിനിധി, എന്നിവരടങ്ങുന്ന സമിതി പ്രവർത്തിക്കുന്നു.

നിലനിൽക്കുന്ന പ്രശ്നങ്ങൾ

. ഹരിതകർമ്മസേനയുടെ പ്രവർത്തനം പ്രൊഫഷണൽ ലെവലിൽ എത്തിക്കുന്നതിന് കാലതാമസം നേരിടുന്നു. സോർട്ടിംഗ് ടേബിൾ ഇല്ലാത്തതിനാൽ ശരിയായ രീതിയിൽ തരം തിരിക്കാൻ കഴിയാത്ത അവസ്ഥയാണ്. ബയിലിംഗ് മെഷീൻ, ഷ്രെഡിംഗ് യൂണിറ്റുകൾ, സംസ്കരണ സൌകര്യങ്ങൾ ഉൾപ്പെടെ എല്ലാ സൌകര്യങ്ങളോടും കൂടിയ എം.സി.എഫ്. എന്നിവ ഏർപ്പെടുത്തി കൂടുതൽ സൌകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്.

. നിലവിൽ പ്രവർത്തിക്കുന്ന എം.സി.എഫിൽ ചുറ്റുമതിൽ ഇല്ലാത്തത് എം.സി.എഫിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു.

. നിലവിൽ ഭവനങ്ങളിൽ 63 ശതമാനത്തിലും സ്ഥാപനങ്ങളിൽ 53 ശതമാനത്തിൽ നിന്നും മാത്രമേ യൂസർ ഫീ നൽകി പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് സാധിക്കുന്നുള്ളൂ. മറ്റ് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള സൌകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്.
. അറവ് ശാലയിലും ഹോട്ടലുകളിലുമുള്ള ജൈവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഖര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 219 എ മുതൽ എക്സ് വരെയുള്ള വകുപ്പുകൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
2. നിലവിലെ എം.സി.എഫിന് സ്ഥലപരിമിതിയുള്ളതിനാൽ നിർമ്മാണത്തിലിരിക്കുന്ന എം.സി.എഫിന്റെ നിർമ്മാണം പൂർത്തീകരിക്കേണ്ടതും നിലവിലെ എം.സി.എഫിന് ചുറ്റുമതിൽ നിർമ്മിച്ച് അംഗൻവാടിയുടെയും, കുടുംബാരോഗ്യ കേന്ദ്രത്തിന്റെയും പ്രവർത്തനം സുഗമമാക്കേണ്ടതുമാണ്.
3. ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, അറവുശാലകൾ ഹോട്ടലുകൾ തുടങ്ങിയവയിലെ മാലിന്യങ്ങൾ തരംതിരിച്ച്, ജൈവമാലിന്യങ്ങൾ വേർതിരിച്ചു സംസ്കരിക്കുന്നതിനുള്ള സൌകര്യങ്ങൾ നിരീക്ഷിക്കപ്പെടേണ്ടതും അല്ലാത്തപക്ഷം ഖരമാലിന്യ പരിപാലന ചട്ടം 4(1), പരിസ്ഥിതി (സംരക്ഷണ) നിയമം 1986, വകുപ്പ് 15 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.
4. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ നശിപ്പിക്കുന്നതിലേയ്ക്ക് പ്രോജക്ടുകൾ എല്ലാ സ്ഥാപനങ്ങളിലും വീടുകളിലും നടപ്പിലാക്കേണ്ടതുണ്ട്.
5. മാലിന്യ സംസ്കരണത്തിനായി വ്യക്തമായ പ്ലാൻ തയ്യാറാക്കൽ, പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം, യൂസർഫി പിരിവ് മുതലായവ ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.
6. ഹരിത കർമ്മ സേനകൾക്ക് വരുമാനം ലഭിക്കുന്ന മൈക്രോ സംരംഭക ഗ്രൂപ്പുകളായി തിരിച്ച്, ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം നടത്തുന്ന പ്രദേശത്തെ ആഘോഷങ്ങൾ, ഉത്സവങ്ങൾ, സ്വകാര്യ സൽക്കാരങ്ങൾ, സർക്കാരിതര പരിപാടികൾ എന്നിവ ഏറ്റെടുത്ത് നടത്താവുന്നതാണ്.
7. ഉറവിട മാലിന്യ സംസ്കരണത്തിനായി ഗ്രാമ പഞ്ചായത്തുകൾ പ്രത്യേക പ്രോജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്. മാലിന്യമുക്ത പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്കായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി ആവശ്യകതാ നിർണ്ണയ സർവെ നടത്തി, സബ്സിഡി നിരക്കിൽ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.
8. കൃഷി അനുബന്ധ പ്രോജക്ടുകളിലൂടെ ഹരിത കർമ്മ സേനകൾക്ക് വരുമാനം ലഭിക്കുന്ന ജൈവവള നിർമ്മാണം, മാലിന്യ സംസ്കരണത്തിനുള്ള ഇനോക്കുലം സ്വന്തമായി നിർമ്മിക്കുക തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.
9. ചപ്പുചവറുകൾ പൊതുനിരത്തിൽ വലിച്ചെറിയുന്നത് തടയുന്നതിലേക്കായി എല്ലാ ജംഗ്ഷനുകളെയും കേന്ദ്രീകരിച്ച് ജൈവ-അജൈവമാലിന്യങ്ങൾ പൊതുജനങ്ങൾക്ക് നിക്ഷേപിക്കുന്നതിനായി ബിന്നുകൾ സ്ഥാപിക്കാവുന്നതാണ്.
10. പ്ലാസ്റ്റിക്കിന് ബദലായ ഉൽപന്നങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കേണ്ടതും അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ടതുമാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 കലയ്ക്കോട് യു.പി.എസിന് ഫർണിച്ചർ വാങ്ങൽ-സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

കലയ്ക്കോട് യു.പി.എസിന് ഫർണിച്ചർ വാങ്ങൽ പ്രേജക്ടിന്റെ നിർവ്വഹണത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതിരിക്കുകയും, കമ്മീഷൻ നിരക്കിനേക്കാൾ കൂടിയ നിരക്കിൽ ഫർണിച്ചർ വാങ്ങുക വഴി 17650/-രൂപയുടെ നഷ്ടം ഉണ്ടാവുകയും ചെയ്തു.

നിർവഹണോദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ
പദ്ധതി, നം	കലയ്ക്കോട് യു പി എസിന് ഫർണിച്ചർ- SO (116/24)
അടങ്കൽ തുക	199204/-രൂപ (റോഡിതരം ഫണ്ട്) 190796/-രൂപ (തനത് ഫണ്ട്)
ചെലവ് തുക	199204/-രൂപ (ബിൽ നം.61/6.7.23) 190796/-രൂപ (ചെക്ക് നം.2344566/11.7.23)

പ്രസ്തുത പദ്ധതിയിൽ Desk& Bench With Back Rest And Shelve(90x40x60&90x30x40) എന്ന ഫർണിച്ചർ റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാതിരുന്നിട്ടും ടെണ്ടർ നടപടികൾ ഒഴിവാക്കി ARTCO Ltd ൽ നിന്നും വാങ്ങി. GO(Rt)No.20/2023/SPD Dtd 24.2.23 ഉത്തരവ് പ്രകാരമുള്ള ARTISANS CORPORATION LTDന്റെ റേറ്റ് കോൺട്രാക്ട് /Price List ൽ മേൽ സ്പെസിഫിക്കേഷനിലുള്ള ഫർണിച്ചർ ഉൾപ്പെട്ടിട്ടില്ല.

മേൽ ഉത്തരവിൽ സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റുമായി റേറ്റ് കോൺട്രാക്റ്റ് ഉള്ള സ്ഥാപനങ്ങൾ സർക്കാർ അംഗീകരിച്ച നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യണമെന്നും വിതരണം ചെയ്യുന്ന സാധനങ്ങൾ തങ്ങളുടെ സ്ഥാപനത്തിൽ നിർമ്മിച്ചതാണെന്ന സാക്ഷ്യപത്രം നല്കേണ്ടതാണെന്നും, സർക്കാർ അംഗീകരിച്ച റേറ്റ് കോൺട്രാക്റ്റ് ലിസ്റ്റിലുൾപ്പെടാത്ത ഇനങ്ങൾ ടെൻഡർ നടപടികളിലൂടെ വാങ്ങേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇവിടെ സർക്കാർ നിരക്ക് അംഗീകരിച്ച് നൽകിയിട്ടില്ലാത്ത സാധനങ്ങൾ ടെൻഡർ നടപടികൾ ഒഴിവാക്കി വാങ്ങുകയാണുണ്ടായത്.

വാങ്ങലിന് മുന്നോടിയായി ARTCO ഹാജരാക്കിയ കമ്മീഷൻ നിരക്കിനേക്കാൾ കൂടിയ നിരക്കിലാണ് ഫർണിച്ചർ വിതരണം ചെയ്തതിന് ശേഷം ബിൽ നൽകിയതും, തുക നൽകിയിട്ടുള്ളതും. വിശദ വിവരം താഴെ ചേർക്കുന്നു.

25.01.2023 ലെ 2404 നമ്പർ കമ്മീഷൻ പ്രകാരം ഫർണിച്ചറിന്റെ വില കാട്ട് ചെയ്തിട്ടുള്ളത് 5635 +1014(18% GST)	6,649/-രൂപ
27.03.23 ലെ 307 നമ്പർ Delivered Bill പ്രകാരം തുക നൽകിയിട്ടുള്ളത്-6002+1080.36(18%GST)	7,082.36/- രൂപ
56 എണ്ണം ഫർണിച്ചറിന് അനുവദിച്ച തുക= 56x7082=396612/- Ltd	3,90,000/- രൂപ
കമ്മീഷൻ ഇൻവോയ്സ് പ്രകാരം അനുവദിക്കേണ്ട തുക=56x6649	3,72,344/-രൂപ
അധികം അനുവദിച്ച തുക = 390000-372344	17,656/രൂപ

ഇപ്രകാരം തുക അധികം അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കുവാനായി നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം അനുവദിച്ച 17656/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. പ്രസ്തുത തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം.3/26.11.24

നിരാകരിച്ച തുക-17656/-രൂപ

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2023-24	29.11.24 & 30.11.24	കെ.എസ്.എ.കെ.എൽ.എം.പി5/2202/24 തീയതി-07.12.2024

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക(രൂപ)	പ്രോജക്ടിന്റെ പേര്	ചെലവ്(രൂപ)	ബാലൻസ് (രൂപ)
ബ്ലോക്ക് പഞ്ചായത്ത്	2023-24	133096/-	ബഡ്സ് സ്കൂൾ (10/24)	133096/-	0
		399489/-	പാലിന് സബ്സിഡി (45/24)	399489/-	0
		100000/-	അതിദരിദ്രർക്ക് ഭക്ഷണകിറ്റ് നൽകൽ (നം.75/24)	100000/-	0
		385627/-	സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണം (നം.148/24)	385627/-	0
		462750/-	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(56/24)	462750/-	0
		200000/-	അനുപൂരക പോഷകാഹാര പരിപാടി (58/24)	200000/-	0
		300000/-	ലൈഫ് ഭവന നിർമ്മാണം SCP 2020 (134/24)	300000/-	
		360000/-	ലൈഫ് ഭവന നിർമ്മാണം SCP (133/24)	360000/-	
		1500000/-	ലൈഫ് ഭവന നിർമ്മാണം SCP 2020 (59/24)	1500000/-	
		1080000/-	ലൈഫ് ഭവന നിർമ്മാണം ജനറൽ (70/24)	1080000/-	
		500,000/-	നെല്ലേറ്റിൽ കളി സ്ഥലത്തിന് സ്ഥലം വാങ്ങൽ (125/24)	500,000/-	0
ജില്ലാ പഞ്ചായത്ത്		100000/-	ലൈഫ് ഭവന നിർമ്മാണം SCP 2020 (134/24)	100000/-	
		480000/-	ലൈഫ് ഭവന നിർമ്മാണം SCP 2020 (59/24)	480000/-	
		235000/-	ലൈഫ് ഭവന നിർമ്മാണം ജനറൽ (70/24)	235000/-	
ജില്ലാ പഞ്ചായത്ത്		194000/-	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(56/24)	194000/-	0
		114245/-	പാലിന് സബ്സിഡി (45/24)	114245/-	
		46965/-	അനുപൂരക പോഷകാഹാര പരിപാടി (58/24)	46965/-	0

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക (രൂപ)	ചെലവഴിച്ച തുക (രൂപ)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ)
ചെറുകിട ജലസേചന	ഇടയാടി റ്റി റ്റി ഐ തോട്	062611/18.12.23	1500000/-	0	1500000/-

വകുപ്പ്	നവീകരണം(113/24)				
ചെറുകിട ജലസേചന വകുപ്പ്	വടക്കേ ഏലാമഠത്തിൽ കുളത്തിന്റെ അനുബന്ധ തോടുകളുടെ നവീകരണം (119/24)	XVFC/2023-24/ P/4/26.5.23-423000/- XVFC/2023-24/ P/3/26.5.23-300000/-	723000/-	0	723000/-
ചെറുകിട ജലസേചന വകുപ്പ്	വിവിധ വാർഡുകളിൽ തോടുകളുടേയും കുളങ്ങളുടേയും നവീകരണം(120/24)	923173/10.7.23	1500000/-	0	1500000/-
ചെറുകിട ജലസേചന വകുപ്പ്	ഞാറോഡ് ഏലാതോട് നവീകരണം(185/24)	062653/13.3.24	1200000/-	0	1200000/-
കേരള വാട്ടർ അതോറിറ്റി	പൊതു ടാപ്പ് ഒഴിവാക്കൽ -തുക നൽകൽ(164/24)	062603/14.11.23	630000/-	0	630000/-

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ/വായ്പതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 89,95,943/-രൂപ വരവുണ്ട്. ഓഡിറ്റ് വർഷം തിരിച്ചടച്ചതും വർഷാവസാനം തിരിച്ചടയ്ക്കാൻ ശേഷിക്കുന്നതുമായ വായ്പയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	തൻവർഷ വായ്പ തുക (രൂപ)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ)	തൻവർഷം തിരിച്ചടച്ച തുക (രൂപ)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ)
				മുതൽ	പലിശ	
ലൈഫ്	സ.ഉ.68/2018 തീയതി-18/05/18	89,95,943/-	1,48,33,968/-	23,34,090/-	-	2,14,95,821/-

4-6 സ്ഥിരനിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 66,203/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക(രൂപ)	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ/ തീയതി
2021-22	1-24	18,345/-	ശ്രീമതി.ഷീജ.വി.ജി (സെക്രട്ടറി)	1230100934/20-06-23
2022-23	1-21	47,858/-	ശ്രീമതി.ഷൈനി വിശ്വംഭരൻ (അസി.സെക്രട്ടറി)	1230105204//07-02-24

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക.

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക.

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക	നഷ്ടമായ തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും/

നമ്പർ	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	ഉദ്യോഗപ്പേരും
3-1		17656/-	ശ്രീമതി.ജിഷ. (ഹെഡ്മിസ്ട്രസ്)

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-12	99,512/-	ഡോ.നാസിയ (മെഡിക്കൽ ഓഫീസർ ഹോമിയോ)
1-13	6,25,000/-	ശ്രീമതി.എ.എസ്.സാലുമോൾ, വെറ്റിനറി സർജ്ജൻ
1-16	3,93,132/-	ഡോ. അനൂപ്, മെഡിക്കൽ ഓഫീസർ (സി എച്ച് സി)
1-19	55,53,000/-	ശ്രീ. രാജേഷ് കുമാർ (സെക്രട്ടറി)-4353000/- ശ്രീമതി.വിജോയ് മാത്യു (സെക്രട്ടറിയുടെ ചുമതല)-1200000/-
1-15	15,000/-	ശ്രീമതി.വിജോയ് മാത്യു (അസി.സെക്രട്ടറി)
1-22	1,00,000/-	ശ്രീമതി.വിജോയ് മാത്യു (അസി.സെക്രട്ടറി)
ആകെ	**67,85,644/-**	

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി.ജിഷ (ഹെഡ്മിസ്ട്രസ്)	ഹെഡ്മിസ്ട്രസ്, സൗത്ത് എൽ.പി.എസ്, പൂതക്കുളം	തിരുവാതിര, വിളവോർക്കോണം. പി.ഒ,കല്ലുവാതുക്കൽ, പിൻ-691574
ഡോ. അനൂപ്, മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി)പൂതക്കുളം ഗ്രാമപഞ്ചായത്ത്	ഈച്ചേപ്പറമ്പിൽ, കാവിൽ, കൈക്കുളങ്ങര വെസ്റ്റ്, കൊല്ലം
ശ്രീമതി.വിജോയ് മാത്യു(അസി.സെക്രട്ടറി)	അസി.സെക്രട്ടറി, പൂതക്കുളംഗ്രാമപഞ്ചായത്ത്	ഗീതാഭവൻ, ഉമയനല്ലൂർ .പി.ഒ, കൊല്ലം
ശ്രീ. രാജേഷ് കുമാർ (സെക്രട്ടറി)	സെക്രട്ടറി, പൂതക്കുളം ഗ്രാമപഞ്ചായത്ത്	രാഘവഭവൻ, ഇടയാടി, പൂതക്കുളം പി.ഒ, 691302
ഡോ.എ സാനിയ മെഡിക്കൽ ഓഫീസർ (ഹോമിയോ)	മെഡിക്കൽ ഓഫീസർ (ഹോമിയോ) പൂതക്കുളം ഗ്രാമപഞ്ചായത്ത്	ഗുൽ-മോഹർ, കൊട്ടിയം പി.ഒ, കൊല്ലം
ശ്രീമതി.എ.എസ് ശാലുമോൾ വെറ്റിനറി സർജ്ജൻ	വെറ്റിനറി സർജ്ജൻ പൂതക്കുളം ഗ്രാമപഞ്ചായത്ത്	കരുണ, പേരയം, കുമ്പളം പി.ഒ, കുണ്ടറ, കൊല്ലം

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2002-2003	കെ.എസ്.എ-കെ.എൽ.എം-പി 5/34/22, തീ.10.10.22	0

2003-2004	കെ.എസ്.എ-കെ.എൽ.എം-പി 5/371(7)/2018, തീ. 23-2-18	2
2004-2005	കെ.എസ്.എ-കെ.എൽ.എം-പി 5/33/22 തീ. 28-11-22	0
2005-2006	കെ.എസ്.എ-കെ.എൽ.എം-പി 5/32/22, തീ. 28-11-22	0
2006-2007	കെ.എസ്.എ-കെ.എൽ.എം-പി 5/31/22, തീ. 28-11-22	3
2007-2008	കെ.എസ്.എ-കെ.എൽ.എം-പി 5/30/22, തീ. 1-08-22	3
2008-2009	കെ.എസ്.എ-കെ.എൽ.എം-പി 5/805 (3)/19, തീ. 12-06-19	2
2009-2010	കെ.എസ്.എ-കെ.എൽ.എം-പി 5/805 (4)/19, തീ. 12-06-19	1
2010-2011	കെ.എസ്.എ-കെ.എൽ.എം-പി 5/28/22, തീ. 23-11-22	0
2011-2012	കെ.എസ്.എ-കെ.എൽ.എം-പി 5/അദാലത്ത്, 2011-12/922/22 തീ. 25.08.22	7
2012-2013 & 2013-2014	കെ.എസ്.എ-കെ.എൽ.എം-പി 5/അദാലത്ത്, 2012-13 & 2013-14/922/22 തീ. 25.08.22	8
2014-2015	കെ.എസ്.എ-കെ.എൽ.എം. പി-5/അദാലത്ത് 2014-15/922/22 തീ. 25.08.22	13
2015-2016	കെ.എസ്.എ-കെ.എൽ.എം.പി-5/അദാലത്ത് 2015-16/922/22 തീ. 25.08.22	4
2016-2017	കെ.എസ്.എ-കെ.എൽ.എം. പി-5/1324/21, തീ. 02.11.22	7
2017-2018	കെ.എസ്.എ-കെ.എൽ.എം. പി-5/12/2020, തീ. 09.03.2020	1
2018-2019	കെ.എസ്.എ-കെ.എൽ.എം. പി-5/1859/2019, തീ. 06.02.2020	9
2019-2020	കെ.എസ്.എ-കെ.എൽ.എം.പി-5/954/21, തീ. 26.8.21	എല്ലാ ഖണ്ഡികകളും
2020-2021	കെ.എസ്.എ-കെ.എൽ.എം.പി-5/955/21, തീ. 07.09.21	9
2021-2022	കെ.എസ്.എ-കെ.എൽ.എം.പി-5/2043/22, തീ. 22.03.23	എല്ലാ ഖണ്ഡികകളും
2022-2023	കെ.എസ്.എ-കെ.എൽ.എം.പി-5/1428/23, തീ. 08.09.23	എല്ലാ ഖണ്ഡികകളും

ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 31-05-2024 and submitted on 31-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Poothakkulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Poothakkulam Grama Panchayat as on 31-03-2024

Date: 07/12/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Poothakkulam Grama Panchayat for the Year 2023-2024.

1.Major Observations

2.Other Observations

1. The following Mandatory Financial statements prescribed in accounting rules are not submitted for audit. Ratios, Secretary`s notes.
2. Cashflow statement - Net increase /decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalent.
3. The amounts, given as deposits for deposit work in the financial year 2023-24, are not included in Schedule B 18 (Loans and Advances Schedule).
4. The property tax demand collection amounts in the annual financial statement are accurate and match the accounts in the Sanjaya software, the details of the book adjustments made in the prior period has not been produced.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3
അനുബന്ധപത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്